**ഔദ്യോഗിക പ്രമേയം**

മുഖ്യമന്ത്രിക്കെതിരെ മധ്യപ്രദേശിൽനിന്നുണ്ടായ വധഭീഷണി

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ മധ്യപ്രദേശിലെ ഒരു സംഘപരിവാർ-ആർ.എസ്.എസ്. നേതാവ് നടത്തിയ വധഭീഷണിയെ ഈ സഭ അപലപിക്കുന്നു. തലകൊയ്യാൻ ഒരു കോടി രൂപ പ്രതിഫലം നൽകും എന്ന മനുഷ്യത്വ വിരുദ്ധമായ പ്രസ്താവനയുമായി അവിടത്തെ ഭരണാധികാരികളിൽ ചിലരുടെതന്നെ സാന്നിധ്യത്തിൽ ഭീഷണി മുഴക്കിയ ആൾക്കെതിരെ പ്രസക്തമായ നിയമവകുപ്പുകൾ ഉപയോഗിച്ച് കേസെടുക്കണമെന്ന് മധ്യപ്രദേശ് സർക്കാരിനോട് ഈ സഭ ആവശ്യപ്പെടുകയും ചെയ്യുന്നു.

അരനൂറ്റാണ്ടിലേറെയായി രാഷ്ട്രീയ നേതാവ്, നിയമസഭാംഗം, മന്ത്രി എന്നീ നിലകളിൽ വ്യത്യസ്ത ഘട്ടങ്ങളിൽ നമ്മുടെ പൊതുമണ്ഡലത്തിൽ പ്രവർത്തിച്ചുപോരുന്ന കേരളത്തിന്റെ മുഖ്യമന്ത്രി കൂടിയായ ശ്രീ. പിണറായി വിജയനെതിരായ വധഭീഷണിയിൽ കേരള ജനതയ്ക്കുള്ള ഉത്കണ്ഠയിലും ആശങ്കയിലും ഈ സഭ പങ്കുചേരുന്നു.

സമാധാനപരവും മതനിരപേക്ഷവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങൾ അസാധ്യമാക്കുന്നതും ആശയങ്ങളെ, ആശയങ്ങൾ കൊണ്ടല്ലാതെ, അതുയർത്തുന്ന വ്യക്തികളെ ആയുധംകൊണ്ട് നേരിടുന്നതുമായ വിപൽക്കരമായ സംസ്കാരത്തെ ഒറ്റക്കെട്ടായി ജനങ്ങൾ ചെറുത്തുതോൽപ്പിക്കണമെന്ന് ഈ സഭ അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

(പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മധ്യപ്രദേശിലെ ഉജ്ജയിനിയിൽ നടന്ന ഒരു പ്രസംഗത്തിൽ ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും പ്രമുഖനായ ഒരു നേതാവ് ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ വധിച്ചാൽ ഒരുകോടി രൂപ ഇനാം നൽകാമെന്നുപറഞ്ഞ് പ്രസംഗിച്ച വാർത്ത കേരളം ഞെട്ടലോടെയാണ് ശ്രവിച്ചത്. കേരളം മാത്രമല്ല ഇന്ത്യയിലൊട്ടാകെ ജനങ്ങൾ കടുത്ത പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള എല്ലാ ദേശീയ ചാനലുകളും തത്സമയം എന്നോട് ഇതിന്റെ പ്രതികരണം ചോദിച്ചപ്പോൾ ശക്തമായ ഭാഷയിൽത്തന്നെ അതിനെ അപലപിക്കുകയുണ്ടായി. ആർ.എസ്.എസ്.-ഉം സംഘപരിവാറും എല്ലാ സീമകളെയും അതിലംഘിച്ചുകൊണ്ട് ഒരു മുഖ്യമന്ത്രിക്കെതിരെ നടത്തിയ ഇത്തരമൊരു

പ്രസ്താവന അങ്ങേയറ്റം അപലപനീയമാണ്. കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ മതേതരത്വത്തിനു നേരെയുള്ള ഏറ്റവും വലിയ വെല്ലുവിളികൂടിയാണിത്. ഒരു മുഖ്യമന്ത്രിയെന്നുപറയുമ്പോൾ അദ്ദേഹം സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്. ആ മുഖ്യമന്ത്രിക്കുനേരെ ഇത്തരമൊരു പരാമർശമുണ്ടായതിന്റെ പേരിൽ മധ്യപ്രദേശ് ഗവൺമെന്റ് നിസ്സാരമായ വകുപ്പുകൾ ചേർത്ത് കേസ്സെടുത്തു എന്നുള്ളത് തികച്ചും അപലപനീയമായ കാര്യമാണ്. വളരെ ശക്തമായിത്തന്നെ ഇതിനെ കാണേണ്ടിയിരിക്കുന്നു. രാജ്യത്തെ മതേതര ജനാധിപത്യ വിശ്വാസികളെയാകെ ഞെട്ടിപ്പിച്ച ഈ സംഭവത്തിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഇവിടെ പ്രമേയത്തിൽ ചൂണ്ടിക്കാണിച്ചത് നൂറുശതമാനം ശരിയാണ്. ആശയപരമായ പോരാട്ടമാണാവശ്യം. പാർലമെന്ററി ജനാധിപത്യത്തിന് ആശയപരമായ അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്, അതുണ്ടാകണം. ഡിസന്റാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പക്ഷെ ഇവിടെ രാഷ്ട്രീയത്തിന്റെ പേരിൽ ആയുധങ്ങൾകൊണ്ട് നടത്തുന്ന ഏതൊരു കൊലപാതകവും അപലപനീയമാണ്. അതിനെ ഒറ്റക്കെട്ടായി ചെറുത്തുനിന്ന് പരാജയപ്പെടുത്തണം. പാർലമെന്ററികാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ

പ്രമേയത്തെ പൂർണ്ണമനസ്സോടുകൂടി പ്രതിപക്ഷം പിന്താങ്ങുന്നു. കേരള മുഖ്യമന്ത്രിക്കുനേരെയുണ്ടായ ഈയൊരു പ്രസ്താവന അങ്ങേയറ്റത്തെ അവജ്ഞയോടുകൂടി കേരള ജനതയും ഇന്ത്യൻ ജനതയും പുച്ഛിച്ചുതള്ളുമെന്ന വിശ്വാസത്തോടെ ഈ പ്രമേയത്തോട് പൂർണ്ണമായ യോജിപ്പ് പ്രകടിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇന്ത്യ മുഴുവൻ അപലപിക്കുന്ന, ഈ സഭ അപലപിക്കുന്ന സംഭവം ഇവിടെ അവതരിപ്പിച്ചപ്പോൾ ദേശീയ ഭരണകക്ഷിയുടെ ഏക എം.എൽ.എ.-യും പാർട്ടി നേതാവുമായ ശ്രീ. ഒ. രാജഗോപാൽ സ്ഥലത്തില്ലെന്ന കാര്യം ഉത്കണ്ഠാപൂർവ്വം ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ത്യയിൽത്തന്നെ വളരെ വ്യത്യസ്തമായ ഉയർന്ന നിലവാരം പുലർത്തിപോരുന്ന ഒരു സ്റ്റേറ്റാണ് കേരളം. കേരളം എല്ലായിടത്തും ഒരു മോഡലായിട്ടാണ് വന്നിട്ടുള്ളത്. പൊളിറ്റിക്സിന് എന്ത് വ്യത്യാസമുണ്ടായാലും ഈ സംസ്ഥാനത്ത് അവർ പറയുന്ന ഇത്തരം വൃത്തികേടിനൊന്നും ഒരു പിന്തുണയും കിട്ടുകയില്ല എന്നുള്ളത് ഇന്ത്യമുഴുവൻ മനസ്സിലാക്കുന്നത് നല്ലതാണ്. രാഷ്ട്രീയമായും മറ്റുമുള്ള വിഷയങ്ങൾ വേറെ കാര്യം. ഇത്തരം പ്രസ്താവനകളൊക്കെ ചെയ്ത് തലയെടുക്കുമെന്നൊക്കെ

ഐ.എസ്. തീവ്രവാദികളെക്കുറിച്ച് പറയുന്നതുപോലെ നമ്മുടെ രാജ്യത്തുതന്നെ ഇങ്ങനെയൊരു ശക്തി വളർന്നുവരുന്നുവെന്ന് പറയുന്നത് അങ്ങേയറ്റം അപമാനകരമാണ്. മുഖ്യമന്ത്രിയോടാണെന്നുള്ളത് അതിലേറെ നാണക്കേടാണ്. അതുകൊണ്ട് ഈ സംഭവം വളരെ ഗൗരവത്തോടുകൂടി കാണുന്നു. നമ്മുടെ രാജ്യത്ത് ആർക്കെതിരായും ഇത്തരം പ്രസ്താവനയും അട്ടഹാസങ്ങളുമൊക്കെ ഉണ്ടാവാതിരിക്കാൻ, ഒരു സിവിലൈസ്ഡ് സൊസൈറ്റിക്ക് യോജിച്ചതല്ല എന്നൊരു മെസ്സേജ് കൊടുക്കാൻ ഈ ക്യാമ്പയിൻ നല്ലതാണ്. അതുകൊണ്ട് ഞങ്ങളും ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ ഈ പ്രമേയം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ഒ. രാജഗോപാലിനെ കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ അറിവോടുകൂടിയാണ് ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്കെതിരായി നടത്തിയ സംസ്കാരശൂന്യമായ പ്രസംഗത്തിനെതിരായി ബഹുമാനപ്പെട്ട പാർലമെന്ററി

കാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയതായി അറിയിക്കുന്നു.